# കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാല

**പൂക്കോട്, ലക്കിടി (പി.ഒ), വയനാട്–673 576**

---

**<u>ബഹു. ജസ്റ്റിസ് ശ്രീ. എ ഹരിപ്രസാദ്, അന്വേഷണ കമ്മീഷന്റെ നിർദ്ദേശപ്രകാരം കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ/ ഫാക്കൽറ്റി/ അദ്ധ്യാപക ജീവനക്കാർ/ അനധ്യാപക ജീവനക്കാർ/ തൊഴിലാളികൾ മറ്റ് പൊതു ജനങ്ങൾ എന്നിവർക്കായുള്ള അറിയിപ്പ്</u>**

ബഹു: കേരള ഗവർണർ / ചാൻസിലർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, 28.03.2024 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) വിജ്ഞാപനം GS6–411/2024(3) നമ്പർ പ്രകാരം, കേരള വെറ്ററിനറി & ആനിമൽ യൂണിവേഴ്സിറ്റി പൂക്കോട് ക്യാമ്പസിലെ രണ്ടാം വർഷ BVSC & AH വിദ്യാർത്ഥി സിദ്ദാർത്ഥൻ ജെ എസ്– ന്റെ അസ്വാഭാവിക മരണത്തിലേക്ക് നയിച്ചെന്ന് ആരോപിക്കപ്പെടുന്ന അധികൃതരുടെയോ / ഉദ്യോഗസ്ഥരുടെയോ വീഴ്ച്ച അന്വേഷിക്കുവാൻ നിയമിക്കപ്പെട്ട ബഹു: മുൻ കേരള ഹൈക്കോടതി ജഡ്ജി ശ്രീ.ജസ്റ്റിസ് എ.ഹരിപ്രസാദ് അന്വേഷണ കമ്മീഷന്റെ സിറ്റിംഗ് എറണാകുളം തൃക്കാക്കരയിലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (CUSAT) യുടെ വിസിറ്റിങ്ങ് ഫാക്കൽറ്റി ഗസ്റ്റ് ഹൗസിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കമ്മീഷൻ ഓഫീസിൽ 2024 മെയ് 29 ന് ബുധനാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ/ വെളിപ്പെടുത്തലുകൾ/ മൊഴികൾ / തെളിവുകൾ അന്വേഷണ കമ്മീഷൻ മുമ്പാകെ നൽകുവാൻ താൽപര്യപ്പെടുന്നവർ കമ്മീഷന്റെ ഓഫീസിൽ നേരിട്ടോ, തപാൽ മുഖേന **Commission of Inquiry, Visiting Faculty Guest House, CUSAT P.O., Thrikkakara, PIN 682022** എന്ന വിലാസത്തിലോ, jahinquiry.kvasu@gmail.com എന്ന ഇ–മെയിൽ വിലാസത്തിലോ, 8848314328 എന്ന മൊബൈൽ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

അത്തരം വിവരങ്ങൾ കൈമാറുവാൻ താല്പര്യമുള്ള വ്യക്തികൾ അവരുടെ പേരും വിലാസവും സാക്ഷ്യപ്പെടുത്തുന്ന രേഖകൾ സഹിതം അവ നൽകുകയും വ്യക്തിഗത വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആ വിവരം അറിയിക്കേണ്ടതുമാണ്.

**രജിസ്ട്രാർ**

**കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

. . .